പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 319 | 04/06/2018 ൽ മറുപടി നല്കേണ്ടത്. |
| --- | --- |

**എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം**

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ചുറ്റു മതിൽ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഏകദേശം ഒരേക്കറിൽ താഴെ സ്ഥലമാണ് ഉള്ളത്. 10/06/2009 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1608/09/ആകുവ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ തെക്കു പടിഞ്ഞാറേ മൂലയിൽ നിന്ന് ഒരു സെന്റ് സ്ഥലം നിബന്ധനക്ക് വിധേയമായി എളവള്ളി ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. എളവള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ മുൻ ഭാഗത്തു മാത്രമാണ് മതിൽ കെട്ടിയിട്ടുള്ളത്. കോമ്പൗണ്ടിന്റെ 2 വശത്തുകൂടി വഴി വിട്ടുകൊടുക്കണമെന്നുള്ള പൊതുജനങ്ങളുടെ ആവശ്യം മൂലം മതിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രശ്ന പരിഹാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ